**പതിനാലാം കേരള നിയമസഭ**

**പത്താം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ : 4587** **21.03.2018 — ൽ മറുപടിക്ക്**

## വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ

| ചോദ്യം | ഉത്തരം |
| --- | --- |
| **ശ്രീ. ഒ. ആർ. കേളു :** | **ശ്രീ. പി. തിലോത്തമൻ (ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി)** |
| (എ) വയനാട് ജില്ലയിൽ പുതിയ റേഷൻ കടകൾ ആരംഭിക്കുന്ന കാര്യം പരിഗണനയിൽ ഉണ്ടോ; | (എ) ദേശീയ ഭക്ഷ്യ ഭദ്രതാ നിയമം, 2013 സംസ്ഥാനത്ത് നടപ്പിലാക്കിയതുമായി ബന്ധപ്പെട്ട് റേഷൻ കടകളുടെ പുന:ക്രമീകരണം നടന്നുവരുന്ന സാഹചര്യത്തിൽ എല്ലാ റേഷൻകടകളിലും ഇ-പോസ് മെഷീൻ സ്ഥാപിച്ച്, റേഷൻ വ്യാപാരികളുടെ കമ്മീഷൻ പാക്കേജ് നടപ്പിലാക്കിയതിനു ശേഷം പുതിയ റേഷൻകടകൾ അനുവദിക്കുന്ന വിഷയം പരിഗണിക്കുന്നതാണ്. |
| (ബി) റേഷൻ കടകൾ അഴിമതിരഹിതമാക്കാൻ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) പൊതുവിതരണ ശൃംഖലയിലെ മറിച്ചു വിൽപ്പന, തിരിമറി എന്നിവ തടയുന്നതിന് നിരന്തര പരിശോധനകൾ നടത്തുകയും നിയമലംഘനം നടത്തുന്നവർക്കെതിരെ 1966 ലെ കേരള റേഷനിംഗ് ഓർഡർ പ്രകാരം ശക്തമായ നടപടികൾ സ്വീകരിച്ചു വരുകയും ചെയ്യുന്നുണ്ട്. സിവിൽ സപ്ലൈസ് മാനുവൽ അനുസരിച്ച് റേഷനിംഗ് ഇൻസ്പെക്ടർമാർ അവരവരുടെ ഫർക്കയിലെ എല്ലാ റേഷൻകടകളും മാസത്തിൽ ഒരു തവണ കർശനമായി പരിശോധിക്കുകയും ആയത് താലൂക്ക് സപ്ലൈ ഓഫീസർമാർ സൂപ്പർ ചെക്ക് ചെയ്യുകയും ചെയ്യുന്നുണ്ട്.<br>സംസ്ഥാനത്തെ എല്ലാ റേഷൻ കടകളിലും ബയോമെട്രിക് സംവിധാനത്തിലൂടെ റേഷൻ വിതരണം നടത്തുന്നതിനായി ഇ-പോസ് മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. എല്ലാ റേഷൻ കടകളിലും 'വാതിൽപ്പടി വിതരണം' മുഖേന റേഷൻസാധനങ്ങൾ എത്തിച്ചു വരുന്നുണ്ട്. റേഷൻ വിതരണം സംബന്ധിച്ച എല്ലാ വിഷയങ്ങളും കമ്പ്യൂട്ടർവൽക്കരിക്കുന്നതിന് വിവിധ ആപ്ലിക്കേഷനുകൾ എൻ.ഐ.സി. മുഖാന്തിരം തയ്യാറാക്കി വരുന്നു. |

ഉണഭോക്തൃ വിഹിതം സംബന്ധിച്ച് റേഷൻ കാർഡുടമകളുടെ രജിസ്റ്റർ ചെയ്ത മൊബൈൽ നമ്പരിലേക്ക് എസ്.എം.എസ്. സന്ദേശം നൽകി വരുന്നുണ്ട്. കൂടാതെ പത്രപരസ്യവും നൽകി വരുന്നു. പരാതി പരിഹാര സംവിധാനം ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി വകുപ്പിൽ കാൾ സെന്റർ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. റേഷൻ വിതരണ രംഗത്തെ ക്രമക്കേടുകൾ ഒഴിവാക്കുന്നതിനായി റേഷൻ സാധനങ്ങളുമായി പോകുന്ന വാഹനങ്ങളിൽ ഗ്ലോബൽ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്.) ഘടിപ്പിക്കുന്നത് സംബന്ധിച്ച് ടെണ്ടറുകൾ ക്ഷണിക്കുന്നതിനായി Request for proposal (RFP) തയ്യാറാക്കി വരുന്നു. കൂടാതെ സോഷ്യൽ ആഡിറ്റിംഗ് ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനതല ഇൻസ്പെക്ഷൻ സ്ക്വാഡും റേഷൻ കടകളിൽ പരിശോധന നടത്തി ക്രമക്കേടുകൾക്കെതിരെ നടപടി സ്വീകരിച്ചു വരുന്നു.

| | | | |
|---|---|---|---|
| (സി) | റേഷൻ കാർഡ് നാളിതുവരെ ലഭ്യമാകാത്തവർക്ക് പുതിയ റേഷൻ കാർഡ് അനുവദിക്കുന്നതിനുള്ള നടപടിക്രമങ്ങൾ എന്തെല്ലാമാണ് ; വിശദമാക്കുമോ ? | (സി) | നിലവിൽ ഒരിടത്തും റേഷൻ കാർഡിൽ പേരില്ലാത്തവർക്ക് 15.02.2018 മുതൽ പുതിയ റേഷൻ കാർഡുകൾ ലഭിക്കുന്നതിനുള്ള അപേക്ഷ സ്വീകരിച്ചു തുടങ്ങിയിട്ടുണ്ട്. സിവിൽ സപ്ലൈസ് വകുപ്പിന്റെ വെബ്സൈറ്റ്, റേഷൻ കടകൾ, താലൂക്ക് സപ്ലൈ ഓഫീസുകൾ, പഞ്ചായത്ത്, വില്ലേജ് ഓഫീസുകൾ എന്നിവിടങ്ങളിൽ നിന്ന് ലഭ്യമാകുന്ന അപേക്ഷയോടൊപ്പം ഗൃഹനാഥയുടെ രണ്ട് കളർ പാസ്പോർട്ട് സൈസ് ഫോട്ടോ, റസിഡൻഷ്യൽ സർട്ടിഫിക്കറ്റ്, വരുമാന സർട്ടിഫിക്കറ്റ്, സറണ്ടർ സർട്ടിഫിക്കറ്റ്/ റിഡക്ഷൻ സർട്ടിഫിക്കറ്റ്/ നോൺ ഇൻക്ലൂഷൻ സർട്ടിഫിക്കറ്റ് എന്നീ രേഖകൾ സഹിതം ബന്ധപ്പെട്ട താലൂക്ക് സപ്ലൈ ഓഫീസുകളിൽ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സ്വന്തമായി കാർഡില്ലെന്നോ അപേക്ഷകൻ ഏതെങ്കിലും കാർഡിൽപെട്ടിട്ടില്ലെന്നോ സൂചിപ്പിക്കുന്ന സ്ഥലം എം.പി, എം.എൽ.എ, ഗ്രാമ/ബ്ലോക്ക് / ജില്ലാ പഞ്ചായത്ത് പ്രസിഡന്റ് എന്നിവർ നൽകുന്ന സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ പുതിയ കാർഡുകൾ നൽകുന്നതിനും ഉത്തരവായിട്ടുണ്ട് |

*സെക്ഷൻ ഓഫീസർ*